# പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ - നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം - 695 003

ഫോൺ : 0471 2727378, ഫാക്സ് : 0471 2727379, email : obcdirectorate@gmail.com


**BCDD/A3/Grants/401/12(1)** തീയതി : 28.05.2013

//ഭരണഭാഷ - മാതൃഭാഷ//

ഡയറക്ടർ
പിന്നാക്ക സമുദായ വികസന വകുപ്പ്

പ്രധാനാധ്യാപകർ
എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലേക്കും

വിഷയം : 2012-13 ലെ ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് വിതരണം- പ്രധാനാധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന : 1) സ.ഉ. (സാധാ) നം. 31/2013/പി.സ.വി.വ തീയതി 22.03.2013
2) സ.ഉ. (സാധാ) നം. 36/2013/പി.സ.വി.വ തീയതി 30.03.2013
3) പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ 23.03.2013 ലെ BCDD/A3/Grants/401/12(1) നമ്പർ നടപടി ഉത്തരവ്.
4) പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ 30.03.2013 ലെ BCDD/A3/Grants/401/12 നമ്പർ നടപടി ഉത്തരവ്.
5) ഈ ആഫീസിലെ 23.03.2013 ലെ ഇതേ നമ്പർ സർക്കുലർ

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2012-13 ലെ ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതിക്കായി തുക അനുവദിച്ച് സൂചന 1,2 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ ഓരോ ക്ലാസ്സിലും ഉയർന്ന മാർക്ക് /ഗ്രേഡ് നേടിയ വിദ്യാർത്ഥികൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്. സൂചന 2,3 പ്രകാരം രണ്ട് അലോട്ട്മെന്റുകളിലായി തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ ലിസ്റ്റ് **www. scholarship. itschool. gov.in / prematric_obc/** എന്ന സ്കോളർഷിപ്പ് പോർട്ടലിൽ പ്രസിദ്ധീകരിക്കുകയും തുക പ്രധാനാധ്യാപകർ സ്കോളർഷിപ്പ് പോർട്ടലിൽ രേഖപ്പെടുത്തിയ ബാങ്ക് അക്കൗണ്ടിലേക്ക് **NEFT (National Electronic Fumd Transfer)** മുഖേന ട്രാൻസ്ഫർ ചെയ്യുകയും ചെയ്തിരുന്നു. ലഭ്യമായ തുക സൂചന 5 സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യേണ്ടതാണ്.

പോർട്ടലിൽ രേഖപ്പെടുത്തി നൽകിയ അക്കൗണ്ട് നമ്പർ, **IFSC code** , ബാങ്കിന്റെ പേര് തുടങ്ങിയവയിലുള്ള തെറ്റുകൾ മൂലം തുക ലഭ്യമാകാതെ വന്ന സ്കൂളുകൾ സ്കൂൾകോഡ്, സ്കൂളിന്റെ പേര്, വിദ്യാഭ്യാസ ജില്ല, ഹെഡ്മാസ്റ്ററുടെ മൊബൈൽ നമ്പർ, ബാങ്ക് ഡിറ്റെയിൽസ്, രണ്ട് അലോട്ട്മെന്റുകളിലായി ലഭ്യമാകാനുള്ള തുക എന്നീ വിവരങ്ങൾ സഹിതം **ജൂൺ 15 നകം** ഈ ആഫീസിലേക്ക് രേഖാമൂലം വിവരം നൽകേണ്ടതാണ്.

തുക ലഭ്യമാകാത്തതിനുള്ള ചില കാരണങ്ങൾ താഴെ ചേർക്കുന്നു.

1) അക്കൗണ്ട് നമ്പർ മുഴുവൻ അക്കങ്ങളും ഉൾപ്പെടുത്താത്തവ
2) **IFSC code** തെറ്റായി നൽകിയവ
3) അക്കൗണ്ട് നിലവിവലില്ലാത്തവ
4) താൽക്കാലികമായി മരവിപ്പിച്ച അക്കൗണ്ട്
5) എസ്.ബി.ഐ. അക്കൗണ്ടുകൾ സീറോ ബാലൻസ് ആണെങ്കിൽ ആദ്യത്തെ ട്രാൻസാക്ഷൻ 10000 രൂപയിൽ കൂടുതലായിരിക്കണമെന്ന നിബന്ധന പല ബ്രാഞ്ചുകളിലും നിലവിലുണ്ട്. ഇക്കാരണത്താലാണ് എസ്.ബി.ഐ. അക്കൗണ്ടുകളിലേക്ക് അയക്കുന്ന തുക ലഭിക്കാതെ വരുന്നത്. ഇത്തരം അക്കൗണ്ടുള്ളവർ ബാങ്കുമായി ബന്ധപ്പെട്ട് അക്കൗണ്ട് ക്ലിയർ ചെയ്തതിനു ശേഷം മാത്രം ഈ ആഫീസുമായി ബന്ധപ്പെടേണ്ടതാണ്.

ലഭ്യമായ തുക എത്രയും വേഗം വിതരണം ചെയ്യേണ്ടതും അക്വിറ്റൻസ് പരിശോധനയ്ക്കായി സ്കൂളിൽ സൂക്ഷിച്ചിരിക്കേണ്ടതുമാണ്. വിവിധ കാരണങ്ങളാൽ തിരിച്ചടയ്ക്കുന്ന തുക സംബന്ധിച്ച വിവരങ്ങൾ സ്കോളർഷിപ്പ് പോർട്ടലിൽ രേഖപ്പെടുത്തുന്നതിൽ പ്രധാനാധ്യാപകർ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

DIRECTORATE OF BACKWARD COMMUNITIES DEVELOPMENT DEPARTMENT ★ THIRUVANANTHAPURAM-695003 ★

ഡയറക്ടർ
പിന്നാക്ക സമുദായ വികസന വകുപ്പ്
V.R. JOSHI
DIRECTOR
Backward Communities Development Department
Thiruvananthapuram- 695 003

എല്ലാ സർക്കാർ/എയ്ഡഡ് സ്കൂൾ പ്രധാനാധ്യാപകർക്ക്

**പകർപ്പ് :**

പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഉപരിപത്രം സഹിതം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ
എല്ലാ ഡി.ഡി/ഡി.ഇ.ഒ/എ.ഇ.ഒ മാർക്ക്
എല്ലാ പട്ടികജാതി വികസന ആഫീസർമാർക്കും
കരുതൽ/അധികം

പി.വി.എസ് 23.05.13